# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 117 28.10.2019- ൽ മറുപടിയ്ക്ക്

## പ്രവാസി നിക്ഷേപ സമാഹരണം

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസി നിക്ഷേപ സമാഹരണത്തിനും വ്യവസായ സംരംഭകരെ കണ്ടെത്തുന്നതിനും മുഖ്യമന്ത്രിയും മന്ത്രിമാരും ഏതെല്ലാം രാജ്യങ്ങൾ സന്ദർശിച്ചുവെന്ന് വെളിപ്പെടുത്തുമോ; | എ) | പ്രവാസി നിക്ഷേപ സമാഹരണത്തിനും വ്യവസായ സംരംഭകരെ കണ്ടെത്തുന്നതിനും മുഖ്യമന്ത്രിയും മന്ത്രിമാരും യു.എ.ഇ.-ലെ ദുബായിലും വ്യവസായ വകുപ്പ് മന്ത്രി നേപ്പാളിലെ കാഠ്മണ്ഡുവിലും സന്ദർശനം നടത്തി. |
| ബി) | ഇതിലേക്കായി മുഖ്യമന്ത്രി, മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവരുടെ യാത്രക്ക് ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ; | ബി) | മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് നടത്തിയ വിദേശയാത്രാച്ചെലവുകളുടെ എല്ലാ ക്ലെയിമുകളും ഇതുവരെ സമർപ്പിക്കപ്പെട്ടില്ല |
| സി) | പ്രസ്തുത യാത്രകളുടെ ഫലമായി ഉണ്ടായ നേട്ടങ്ങൾ വിശദീകരിക്കുമോ? | സി) | ദുബായിലെ മലയാളി ചാർട്ടേഡ് അക്കൗണ്ടന്റുമാരുമായും വിവിധ സംഘടനാ പ്രതിനിധികളുമായും, മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥരും ചർച്ച നടത്തി. കൂടാതെ നിക്ഷേപം നടത്താൻ താൽപര്യമുള്ളവരുമായി നേരിട്ട് ചർച്ച നടത്തി. എയർക്രാഫ്റ്റ് സ്പെയർപാർട്ട്സ് നിർമ്മാണത്തിനും, സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ മേഖലകളിലും അവർ താൽപര്യം പ്രകടിപ്പിച്ചു. യു.എ.ഇ. പൗരന്മാർ, പ്രവാസി ഇന്ത്യക്കാർ, മലയാളികൾ തുടങ്ങിയ പ്രമുഖ വ്യക്തികളുമായി മറ്റൊരു ചർച്ച നടത്തുകയുണ്ടായി. അതിനെ തുടർന്ന് DP World Vice President 500 മില്യൺ യു.എസ്. ഡോളറിന്റെ നിക്ഷേപം വാഗ്ദാനം ചെയ്യുകയുണ്ടായി. ഈ |

| | | | |
|---|---|---|---|
| | | | ചർച്ചകളിലുണ്ടായിട്ടുള്ളതായ നിക്ഷേപ വാഗ്ദാനങ്ങളുടെ തുടർ നടപടിയായി, കൊച്ചിയിൽ ആഗോള നിക്ഷേപ സംഗമം നടത്തുവാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**